**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 772** **10-06-2021 - ൽ മറുപടിയ്ക്ക്**

**മേപ്പയ്യൂർ-നെല്യാടി-കൊല്ലം റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തിയ മേപ്പയ്യൂർ-നെല്യാടി-കൊല്ലം റോഡിന്റെ നിർമ്മാണ പ്രവർത്തിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തിയ കൊല്ലം - നെല്ല്യാടി - മേപ്പയ്യൂർ റോഡിന് 38.96 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. 9.6 കി.മീ നീളം വരുന്ന പ്രസ്തുത റോഡ് കോഴിക്കോട് കണ്ണൂർ നാഷണൽ ഹൈവേയിലെ കൊല്ലത്തു നിന്ന് ആരംഭിച്ച് മേപ്പയ്യൂർ ടൗണിൽ അവസാനിക്കുന്നു. 10 മീറ്റർ ROW-യിൽ ആണ് വീതി കൂട്ടി വികസിപ്പിക്കുന്നത്. 5.5 മീറ്റർ ക്യാരേജ്‌വേയോടുകൂടി ഇരുവശത്തും 1 മീറ്റർ ഷോൾഡറും ഡ്രെയിനേജും കൂടിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പഴയ കൾവർട്ടുകൾ പുതുക്കിപ്പണിഞ്ഞ് വളവുകൾ നിവർത്തുന്നതും പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുന്നു. |
| (ബി) | പ്രസ്തുത റോഡിന്റെ നിലവിലെ അലൈൻമെന്റിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | ഈ പ്രവർത്തിക്ക് അക്വിസിഷൻ ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (സി) | ഉണ്ട്. റോഡിന്റെ വളവുകൾ നിവർത്തുന്ന ഭാഗത്തും വീതി വളരെ കുറഞ്ഞ ഭാഗത്തും അക്വിസിഷൻ ആവശ്യമായി വരുന്നതാണ്. നാലു വില്ലേജുകളിലായി ഏകദേശം 13269 സ്ക്വ.മീറ്റർ സ്ഥലം ഏറ്റെടുക്കേണ്ടതായി വരുന്നുണ്ട്. |
| (ഡി) | പ്രസ്തുത റോഡിന്റെ പ്രവർത്തി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ